**മുഖ്യ നഗരാസൂത്രകന്റെ നടപടിക്രമം.**
**തിരുവനന്തപുരം**

വിഷയം : നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം, തിരുവനന്തപുരം- സാങ്കേതിക വിഭാഗം - കോട്ടയം ജില്ല - പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് - പുതുപ്പള്ളി വില്ലേജ് - **ക്രഷർ യൂണിറ്റിനോട് അനുബന്ധിച്ചുള്ള സാന്റ് വാഷിംഗ് യൂണിറ്റ് നിർമ്മാണം** - ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10/12/2019 ലെ A4/1870/2019 നമ്പർ കത്ത്.
2. കോട്ടയം ജില്ലാ ടൗൺ പ്ലാനറുടെ 21/01/2020-ലെ TCPKTM/1592/2019-C3 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം.

ഉത്തരവ് നമ്പർ: **TCPCTP/232/2020-C3** തീയതി : **07/03/2020**

---

കോട്ടയം ജില്ലയിലെ പുതുപ്പള്ളി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പുതുപ്പള്ളി വില്ലേജിൽ റീ സർവ്വേ നമ്പർ 37/2, 37/7, 37/6, 42/10-1, 42/10-2 എന്നിവയിൽപ്പെട്ട 24272 $m^2$ വിസ്തീർണ്ണമുള്ള സ്ഥലത്ത് നിലവിലുള്ള അംഗീകൃത മെറ്റൽ ക്രഷർ യൂണിറ്റിനോട് (ഏരിയ 358$m^2$) ചേർന്ന് നിർമ്മാണം പൂർത്തിയാക്കിയ 74.78 m2 വിസ്തീർണ്ണമുള്ള **സാന്റ് വാഷിംഗ് യൂണിറ്റ്** ഉൾപ്പെട്ട പുതുക്കിയ ലെ ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ **ശ്രീ. വി.സി. ജോസഫ് & ശ്രീമതി. മോളി ജോസഫ്**, വാഴത്തറ ഹൗസ്, പുതുപ്പള്ളി , കോട്ടയം -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ. 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ-ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. കെ.പി.ബി.ആർ. 2011 11(1) പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, റീസർവ്വെ നമ്പർ , വിസ്തൃതി, അതിരുകൾ, വിസ്തീർണ്ണം, അളവുകൾ,ഉടമസ്ഥാവകാശം, നിർമ്മാണാവകാശം, എന്നിവ ശരിയാണെന്ന് സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും ഉറപ്പു വരുത്തണം.
2. നിർദ്ദിഷ്ട നിർമ്മാണം കെ ,പി.ബി.ആർ 2011- നും ബാധകമായ മറ്റ് നിയമ ചട്ടങ്ങൾക്കും അനുസൃതമായിരിക്കണം.
3. ചട്ടം 61 (6) പ്രകാരം അഗ്നി സുരക്ഷാ സർവ്വീസസിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
4. ചട്ടം 61 (5) പ്രകാരം മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള അനുമതി ആവശ്യമാണ്.
5. ചട്ടം 61 (7) പ്രകാരം എല്ലാവിധ അഗ്നി സുരക്ഷാ സംബന്ധിച്ച ആവശ്യകതകളും N.B.C 05 -ന് അനുസൃതമായിരിക്കണം.

6. ചട്ടം 61 (16) പ്രകാരം ദ്രവമാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ചട്ടം 61 (17) പ്രകാരം മലിനജല പുനരുപയോഗം ചെയ്യുന്നതിനുള്ള പുനചംക്രമണ സംവിധാനം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.
7. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടമായതിനാൽ കെ.പി.ബി.ആർ 2011 അദ്ധ്യായം XXII ലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.
8. നിർദ്ദിഷ്ട സ്ഥലത്ത് പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.
9. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ സ്ഥലത്ത് ലഭ്യമാണെന്ന് സെക്രട്ടറി ഉറപ്പാക്കണം.
10. പ്രസ്തുത വ്യവസായ സ്ഥാപനം മൂലമോ, ഇതിന്റെ പ്രവർത്തനം മൂലമോ പരിസര വാസികൾക്ക് യാതൊരു വിധത്തിലുമുള്ള ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് സെക്രട്ടറി ഉറപ്പാക്കണം.
11. പ്ലോട്ടിലേക്ക് ഏഴ് മീറ്റർ വീതിയിൽ രേഖപ്പെടുത്തിയിരിക്കുന്ന വഴിയുടെ ഉടമസ്ഥാവകാശം, അപേക്ഷകന് ഉപയോഗിക്കുവാനുള്ള അവകാശം എന്നിവ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും, ലീസ് എഗ്രിമെന്റ് ഉണ്ടെങ്കിൽ ആയത് കാലപരിധി നിശ്ചയിക്കാത്തതും, ചട്ട പ്രകാരം രജിസ്റ്റർ ചെയ്തതുമാണെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
12. കരിങ്കൽ ക്വാറിയുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന യൂണിറ്റ് എന്ന നിലയിൽ ക്വാറിയുടെ വശത്ത് ആവശ്യമായ സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കണം.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പര് **58/2020** ഇതോടൊപ്പം ചേർക്കുന്നു.</u>

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം : ഒരുസൈറ്റ് പ്ലാൻ

ചീഫ് ടൗൺ പ്ലാനറുടെ കാര്യാലയം • തിരുവനന്തപുരം • പിൻ-695 033

Signature valid
Digitally signed by JAYASREE P R
Date: 2020.03.07 15:13:00 IST
Reason: Approved

**ജയശ്രീ. പി.ആർ,**
ടൗൺ പ്ലാനർ

**സെക്രട്ടറി,**
പുതുപ്പള്ളി ഗ്രാമപഞ്ചായത്ത്

<u>പകർപ്പ്</u> : 1) ശ്രീ. വി.സി. ജോസഫ് & ശ്രീമതി. മോളി ജോസഫ്, വാഴത്തറ ഹൗസ്, പുതുപ്പള്ളി , കോട്ടയം
2) ടൗൺ പ്ലാനർ, കോട്ടയം.
3) വെബ് സൈറ്റ്.
4) കരുതൽ ഫയൽ.
5) അധികം.